# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ – 16/10/2025

## കൊല്ലം ജില്ലയിലെ കല്ലുംതാഴം ജംഗ്ഷൻ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ






**കൊല്ലം ജില്ലാ കളക്ടർ**

**ചുമതലപ്പെടുത്തിയത്**

**അർത്ഥനാധികാരി**

**കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ് (കിഫ്ബി) കൊല്ലം**

**സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ യൂണിറ്റ്**

**ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ്, തൃക്കാക്കര , കൊച്ചി- 21**

**Email:**
bmssw@bharatamatacollege.in,9400463358
www.bmssw.in

# ഉള്ളടക്കം


അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം

അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ

അദ്ധ്യായം 3: പഠന സംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യനിർണയം

അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

അദ്ധ്യായം 6: സാമൂഹ്യ - സാമ്പത്തിക - സാംസ്കാരിക പാശ്ചാത്തലം(പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

അദ്ധ്യായം10: സാമൂഹ്യ പ്രത്യാഘാതം ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും-അപഗ്രഥനം, ശുപാർശകൾ

## പട്ടികകൾ

**പട്ടിക 3.1**
സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

**പട്ടിക 3.2**
സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തങ്ങൾ

**പട്ടിക 5.1**
പദ്ധതിയുടെ പ്രത്യക്ഷാഘാത ബാധിതർ

**പട്ടിക 5.6.2**
മരങ്ങൾ/ ഫലദായക വൃക്ഷങ്ങളുടെ വിവരപട്ടിക

**പട്ടിക 5.6.3**
കെട്ടിടങ്ങളുടെ വിവരപ്പട്ടിക

**പട്ടിക 6.1**
പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം

**പട്ടിക 7.1**

സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

# അദ്ധ്യായം 1

# പഠനത്തിന്റെ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

കേരളത്തിന്റെ തെക്കു പടിഞ്ഞാറൻ തീരത്താണ് കൊല്ലം നഗരം സ്ഥിതി ചെയ്യുന്നത്. തെക്കൻ കേരളത്തിലെ ഒരു വ്യാപാര കേന്ദ്രമാണിത് ദേശീയപാതകളായ എൻ.എച്ച് 66, എൻ.എച്ച് 183, എൻ.എച്ച് 744 എന്നിവയിലൂടെ കേരളത്തിന്റെയും ഇന്ത്യയുടെയും മറ്റ് ഭാഗങ്ങളുമായി ജില്ല ബന്ധപ്പെട്ടിരിക്കുന്നു. കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കല്ലുംതാഴം ജംഗ്ഷൻ റെയിൽവേ മേൽപ്പാല നിർമ്മാണമാണ് നിർദിഷ്ട പദ്ധതി. ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്. നിലവിൽ കൊല്ലം ജില്ലയിലെ കുറ്റിച്ചിറ പാതയിലാണ് കല്ലുംതാഴം റെയിൽവേ ഗേറ്റ് (LC No. 77 at Km 15 1/3-4) സ്ഥിതി ചെയ്യുന്നത്.

കുറ്റിച്ചിറ റോഡ് കൊല്ലം-തിരുമംഗലം റോഡിൽ നിന്ന് ആരംഭിച്ചു ദേശീയ പാത (എൻ.എച്ച് 744) കടന്ന് കരുനാഗപ്പിള്ളി ഭാഗത്തേക്കും റെയിൽ പാത വിഭചിക്കുന്നു. കൊല്ലം റെയിൽവേ സ്റ്റേഷനിൽ നിന്നും 4 കിലോ മീറ്റർ അകലെ കല്ലുംതാഴം ജംഗ്ഷനു സമീപമാണ് ലെവൽ ക്രോസ്സ് (എൽ. സി )സ്ഥിതി ചെയ്യുന്നത്.

ഏതൊരു പ്രദേശത്തിന്റെയും വളർച്ചയ്ക്കും വികസനത്തിനും നല്ല അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനിവാര്യമായ ഒരു മുൻ വ്യവസ്ഥയാണ്. ഈ പ്രദേശത്തെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി റിംഗ് റോഡുകൾ, ആർഒബികൾ, ഫ്ലൈ ഓവറുകൾ, നദി പാലങ്ങൾ, തുടങ്ങിയവയുടെ നിർമ്മാണം കേരള സർക്കാർ ആർ ബി ഡി സി കെ യെ ഏൽപ്പിച്ചിരിക്കുന്നു. നിലവിലുള്ള എൽ സി യിൽ നിന്ന് 100 മീറ്റർ പടിഞ്ഞാറായിട്ടാണ് നിർദിഷ്ട ആർ ഒ ബി കടന്നു പോകുന്നത്. പദ്ധതിക്കായി ആകെ 130 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട് റെയിൽവേ ഭാഗം ഉൾപ്പെടെ ആർ ഒ ബിക്ക് 387.60 മീറ്റർ നീളമുണ്ട്.

### 1.2 സ്ഥലം

പദ്ധതി പ്രദേശം കൊല്ലം ജില്ലയില്ലെ കൊല്ലം താലൂക്കിൽ, കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം പ്രദേശം ആണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കുന്ന സ്ഥലം.

### 1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ കല്ലുംതാഴം ജംഗ്ഷനാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശം. ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്. ഈ പദ്ധതിക്കായി ഏറ്റെടുക്കപെടുന്ന ഭൂമി 49 സർവ്വേ നമ്പറുകളിലായി പുരയിടം പുറമ്പോക്ക് എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

ഗവണ്മെന്റ് അധികാരികളിൽ നിന്നും നിലവിൽ ഇതര മാർഗ്ഗങ്ങളെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ലഭിച്ചിട്ടില്ല.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം ജംഗ്ഷനാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശം. ഭൂമി ഏറ്റെടുക്കപ്പെടുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നവയാണ്;

- കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം ജംഗ്ഷനാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശം. ഈ പദ്ധതിക്കായി ഏറ്റെടുക്കപെടുന്ന ഭൂമി 49 സർവ്വേ നമ്പറുകളിലായി വരുന്ന ഈ ഭൂമി പുരയിടം പുറമ്പോക്ക് എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നു.
- നിർദിഷ്ട പദ്ധതി 49 ഭൂവുടമകളെ ബാധിക്കുന്നു.
- 14 വീടുകൾ, 22 കടമുറികൾ പദ്ധതി ബാധിതമാകുന്നു.
- പദ്ധതി പ്രദേശത്തെ വിവിധ തരം ഇനത്തിലുള്ള 61 വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടേണ്ടി വരും.

- ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് മൂലം 13 കുടുംബാംഗങ്ങൾ അവരവരുടെ ഭവനങ്ങളിൽ നിന്നും മാറി താമസിക്കേണ്ടതായി വരുന്നുണ്ട്.
- നിർദിഷ്ട പദ്ധതി മൂലം മുഖ്യ ഉപജീവനമാർഗം നഷ്ടപ്പെടുന്നവരുടെ എണ്ണം 24, ഇതിൽ വിവിധ തരം കച്ചവട സ്ഥാപനങ്ങൾ നഷ്ടപെടുന്നവരും, വാടക വരുമാനം നഷ്ടപെടുന്നവരും ഉൾപ്പെടുന്നു.
- ഹിന്ദു, മുസ്ലിം, ക്രൈസ്തവ മത വിഭാഗത്തിൽ പെടുന്നവരാണ് പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നത്, ഇതിൽ 58 പുരുഷന്മാർ, 50 സ്ത്രീകൾ, 19 കുട്ടികൾ എന്നിവർ ഉൾപ്പെടുന്നു.
- പദ്ധതി പ്രദേശത്തു 3 കിടപ്പുരോഗികളും, 15 മാറാരോഗികളുമാണ് ഉള്ളത്.

## 1.6 ലഘൂകരണ നടപടികൾ

പദ്ധതി പ്രദേശം സന്ദർശിച്ചതിലൂടെയും, വിവരങ്ങൾ ശേഖരിച്ചതിലൂടെയും, പദ്ധതിയുടെ ആഘാത ബാധിത കുടുംബങ്ങൾ സന്ദർശിച്ചു വിവരങ്ങൾ ശേഖരിച്ചതിലൂടെയും, തല്പരകക്ഷികളുമായുള്ള അഭിമുഖങ്ങളെയും അടിസ്ഥാനമാക്കി താഴെ പറയുന്ന ദൂരീകരണ നടപടികൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, ഇതിനോടനുബന്ധിച്ചു കാലാകാലങ്ങളിൽ ഗവണ്മെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാത ബാധിതർക്കുള്ള നഷട് പരിഹാരം കഴിയുന്നത്ര വേഗത്തിൽ നൽക്കുകയും ചെയ്യുക.
- ആഘാത ബാധിതമാകുന്ന വീടുകൾക്കും, വ്യാപാരസ്ഥാപങ്ങൾക്കും, മുറിച്ചു മാറ്റപ്പെടുന്ന വൃഷങ്ങൾക്കും നഷ്ടപരിഹാരം നൽകുക.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പെടെ പദ്ധതിയുടെ പശ്ചാത്തലം

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം ജംഗ്ഷനാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശം. ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്.

### 2.1.1 (a) പദ്ധതി നടപ്പിലാക്കുന്ന ഏജൻസി

ആർ.ബി.ഡി.സി. യാണ് ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസി.

### 2.1.1.(b) ഭൂമി ഏറ്റെടുക്കൽ അധികാരി

നിർദിഷ്ട പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ അധികാരി സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി കൊല്ലം ആണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാത്പര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്ന് പറയുന്നത്, ഇന്ത്യ ഗവൺമെന്റിന്റെ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 13/06/2009- INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം പ്രദേശമാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്.

## 2.3. പദ്ധതിയുടെ സ്ഥലം വലിപ്പം ലക്ഷ്യം ചെലവ് തുടങ്ങിയ വിവരങ്ങൾ

പദ്ധതി പ്രദേശം കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ

വില്ലേജിൽ കല്ലുംതാഴം ജംഗ്ഷൻ ആണ് പദ്ധതിക്കായി ഏറ്റെടുത്തിരിക്കുന്ന പ്രദേശം. . ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്. പദ്ധതിക്ക് ആവശ്യമായ ഭൂമി മാത്രമാണ് ഏറ്റെടുക്കലിനായി പദ്ധതി പ്രദേശത്ത് മാർക്ക് ചെയ്തിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചു നിരീക്ഷിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചു ഈ പദ്ധതിക്കായി ചിലവ് കണക്കാക്കിയിരിക്കുന്നത് 34,65,00,000 കോടി രൂപയാണ്.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭിക്കാത്തതിനാൽ അവ പരിശോധിച്ചിട്ടില്ല.

### 2.5 പദ്ധതിയുടെ രൂപരേഖ,വലിപ്പം, സൗകര്യങ്ങൾ

കൊല്ലം ജില്ലയിലെ കല്ലുംതാഴം റെയിൽവേ ഗേറ്റിന് (LC No. 77) പകരമായി റോഡ് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന ഈ പദ്ധതി, ജില്ലയിലെ റെയിൽവേ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഗതാഗതം സുഗമമാക്കുന്നതിന്റെയും ഭാഗമാണ്. ആർ.ബി.ഡി.സി. യാണ് ഇതിന്റെ നിർവ്വഹണ ചുമതല വഹിക്കുന്നത്. നിലവിൽ വളവുകളുള്ളതും ഇടുങ്ങിയതുമായ കുറ്റിച്ചിറ റോഡിനെ, ദേശീയപാത 744 (എൻ.എച്ച് 744) മായി ബന്ധിപ്പിക്കുന്ന ജംഗ്ഷനോട് ചേർന്നാണ് മേൽപാലം നിർമിക്കുന്നത്. 2017-ൽ 3,10,170 ടി.വി.യു രേഖപ്പെടുത്തിയ ഈ ലെവൽ ക്രോസിംഗിൽ, ട്രെയിനുകൾ കടന്നുപോകുമ്പോൾ ഗേറ്റ് അടയ്ക്കുന്നതുമൂലമുള്ള സമയനഷ്ടവും അപകട സാധ്യതയും ഈ മേൽപ്പാലം ഇല്ലാതാക്കും. 387.60 മീറ്റർ ആകെ നീളവും 10.20 മീറ്റർ ആകെ വീതിയുമുള്ള ഈ മേൽപ്പാലം, രണ്ട് വരിപ്പാത ആയിട്ടാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പദ്ധതിക്കായി ആകെ 130 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്; എന്നാൽ, താമസ-വാണിജ്യ കെട്ടിടങ്ങളുടെ ഏറ്റെടുക്കൽ പരമാവധി കുറയ്ക്കുന്നതിനും പുനരധിവാസ ചെലവ് ലഘൂകരിക്കുന്നതിനുമായി നിലവിലുള്ള റോഡിൽ നിന്ന് മാറിയാണ് ഇതിന്റെ വിന്യാസം നിശ്ചയിച്ചിട്ടുള്ളത്. ഈ ആർ ഒ ബി പൂർത്തിയാകുന്നതോടെ കുറ്റിച്ചിറ, തട്ടാർകോണം തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കൊല്ലം നഗരത്തിലേക്കും എൻ എച് 744 -ലേക്കും തടസ്സരഹിതവും സുരക്ഷിതവുമായ പ്രവേശനം സാധ്യമാകും.

### 2.6 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന പ്രധാന ലക്ഷ്യമായ സുരക്ഷിതവും തടസ്സരഹിതവുമായ ഗതാഗതം ഉറപ്പാക്കാൻ, അനുബന്ധ സൗകര്യങ്ങൾ അനിവാര്യമാണ്. പദ്ധതിയുടെ 10.20 മീറ്റർ ആകെ വീതിയിൽ കാൽനടപ്പാതകൾ, ക്രാഷ് ബാരിയറുകൾ, കൈവരികൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത്, കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും പരമാവധി സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടിയാണ്. കൂടാതെ, മേൽപ്പാലത്തിന്റെ സമീപ റോഡുകൾക്ക് ബലം നൽകുന്നതിനും ഘടനാപരമായ സ്ഥിരതയ്ക്കും കുറ്റിച്ചിറ, എൻ എച് ഭാഗങ്ങളിലെ ബണ്ടുകളിൽ താങ്ങ് ഭിത്തികൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. അവസാനമായി, നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ പൊതുജന സുരക്ഷ ഉറപ്പാക്കാനും ഗതാഗത തടസ്സങ്ങൾ കുറയ്ക്കാനും വേണ്ടി ഗതാഗതം വഴിതിരിച്ചുവിടുന്നതിനുള്ള പ്രത്യേക ക്രമീകരണങ്ങൾ ആവശ്യമാണ്. മേൽപ്പാലം രണ്ട് വരിപ്പാതയായി രൂപകൽപ്പന ചെയ്തതും, ഈ അനുബന്ധ സൗകര്യങ്ങളും ചേരുമ്പോൾ മാത്രമേ, ഈ റെയിൽവേ മേൽപ്പാലത്തിന്റെ അടിസ്ഥാന ലക്ഷ്യമായ ഗതാഗതക്കുരുക്ക് ലഘൂകരണം പൂർണ്ണമായി യാഥാർത്ഥ്യമാകൂ.

### 2.7 മുൻപേ നടത്തിയ സാമൂഹ്യ /പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യത പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിയുടെ ഭാഗമായിട്ട് പദ്ധതിയുടെ സാങ്കേതിക സാധ്യത പഠനങ്ങൾ ആർ ബി ഡി സി കെ നടത്തിയിട്ടുണ്ട്.

### 2.8 ബാധകമായ നിയമങ്ങളും നയങ്ങളും

- ഭൂമി ഏറ്റെടുക്കൽ പുനരധിവാസം പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുള്ള അവകാശനിയമം 2013.
- കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുള്ള ഉള്ള അവകാശ ചട്ടം 2015.

- കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതിയിലെ G.O(Ms) No.448/2017RD ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനഃസ്ഥാപനത്തിനുള്ള പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസി.

# അധ്യായം 3

# പഠന സംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട്, 30) 4 - ആം വകുപ്പ് 1- ഉപവകുപ്പ്, സമുചിത സർക്കാർ പൊതു ആവശ്യത്തിനായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുമായി കൂടിയാലോചിച്ചു സാമൂഹ്യ പ്രത്യാഘാത (എസ്.ഐ.എ) വിലയിരുത്തൽ പഠനം നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപ്രകാരം കൊല്ലം താലുക്കിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണമത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയ പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതിയും തയ്യാറാക്കുന്നതിന് വേണ്ടിയുള്ള എസ്.ഐ.എ യൂണിറ്റായി ഭാരത മാത സ്കൂൾ ഓഫ് സോഷ്യൽ വർക്ക്, ഭാരത മാത കോളേജ് തൃക്കാക്കരയെ ചുമതലപ്പെടുത്തിയിരിക്കുന്നു. (അവലംബം: 23.08.2025 പ്രസിതീകരിച്ചിട്ടുള്ള കേരള ഗസറ്റ്, അസാധാരണം വിജ്ഞാപനം നമ്പർ 3051)

### 3.1 പഠന സംഘത്തെ കുറിച്ചുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി ഈ മേഖലയിലും സമാന മേഖലകളിലും പ്രത്യേകിച്ച് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പരിചയമുള്ളവരെയും മതിയായ യോഗ്യത ഉള്ളവരെയും പഠന സംഘത്തിൽ ഉൾപ്പെടുത്തി. അവർക്ക് നിശ്ചിത ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും നൽകി. പഠന സംഘത്തിന്റെ വിശദാംശങ്ങൾ താഴെയുള്ള പട്ടികയിൽ കാണിച്ചിരിക്കുന്നു.

## പട്ടിക 3.1 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത, പദവി |
|---|---|---|
| 1. | ശ്രീമതി ഡോ. ഷീന രാജൻ ഫിലിപ്പ് | ചെയർപേഴ്സൺ എസ് ഐ എ യൂണിറ്റ്, എം.എസ്.ഡബ്ലിയു, പി. എച്ച്. ഡി |
| 2. | ശ്രീമതി ഡോ. എൽസ മേരി ജേക്കബ് | റിസർച്ച് അസ്സോസിയേറ്റ്, എം. എസ്. ഡബ്ലിയു, പി. എച്ച്. ഡി |
| 3. | ശ്രീമതി ഡോ. ആര്യ ചന്ദ്രൻ | റിസർച്ച് അസ്സോസിയേറ്റ്, എം.എസ്.ഡബ്ലിയു, പി. എച്ച്. ഡി |
| 4. | സൂരജ് എം വി | റിസർച്ച് അസിസ്റ്റന്റ്, എം.എസ്.ഡബ്ലിയു, എം. ഫിൽ |
| 5. | ശ്രീ. ഡിബിൻ ഡേവിസ് | പ്രൊജക്റ്റ് കോർഡിനേറ്റർ, എം.എസ്.ഡബ്ലിയു |
| 6. | കുമാരി. മരിയ അലീറ്റ പാദുവ | റിസർച്ച് ഫെല്ലോ എം.എസ്.ഡബ്ലിയു |
| 7. | കുമാരി. അർക്ക പി രഘു | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ, എം.എസ്.ഡബ്ലിയു |
| 8. | കുമാരി. സാന്ദ്ര ഗോപാൽ | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ, എം.എസ്.ഡബ്ലിയു |
| 9. | കുമാരി. രുക്മ സോമൻ | ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ, എം.എസ്.ഡബ്ലിയു |

## 3.2 പഠനത്തിന് ഉപയോഗിച്ച പദ്ധതി ശാസ്ത്രം സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരണവും അത് ഉപയോഗിച്ചതിന്റെ

**യുക്തിയും പഠനത്തിന് വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

റെയിൽവേ, റോഡ് നിർമ്മാണ മാർഗ്ഗനിർദ്ദേശങ്ങളായ MoRTH, IRC, BIS എന്നിവ കർശനമായി പാലിച്ചാണ് ഈ പഠനം നടത്തിയത്. പദ്ധതിക്ക് ആവശ്യമായ കൃത്യമായ ഭൗമോപരിതല വിവരങ്ങൾ ശേഖരിക്കുന്നതിനായി, റെക്കണൈസൻസ് സർവേ പൂർത്തിയാക്കിയ ശേഷം ടോട്ടൽ സ്റ്റേഷൻ എന്ന ഹൈ-പ്രിസിഷൻ ഉപകരണം ഉപയോഗിച്ച് ടോപ്പോഗ്രാഫിക് സർവേ നടത്തി. ഇതിലൂടെ ഭൂവിനിയോഗം, നിലവിലെ ഘടനകൾ, 387.60 മീറ്റർ നീളമുള്ള മേൽപ്പാലത്തിന് ആവശ്യമായ 130 സെന്റ് ഭൂമിയുടെ അതിരുകൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി. തുടർന്ന്, മേൽപ്പാലത്തിന്റെ അടിത്തറ രൂപകൽപ്പനയ്ക്ക് വേണ്ടിയുള്ള വിവരങ്ങൾ കണ്ടെത്താനായി റോട്ടറി പവർ ഡ്രില്ലിംഗ് വഴി ബോർഹോളുകൾ തുളച്ച് ( എസ്. പി. റ്റി )അടക്കമുള്ള മണ്ണ് പരിശോധനകൾ നടത്തി. ഇതിന് പുറമെ, ഗതാഗതത്തിന്റെ ഇപ്പോഴത്തെ അവസ്ഥയും ഭാവിയിലെ ആവശ്യകതയും വിലയിരുത്തുന്നതിന്, ഐ ആർ സി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 3 ദിവസവും 24 മണിക്കൂറും നീണ്ട ക്ലാസിഫൈഡ് ട്രാഫിക് വോളിയം കൗണ്ട് (സി. റ്റി. വി. സി) സർവേ നടത്തി. 3,10,170 ടി വി യു രേഖപ്പെടുത്തിയ ഈ സ്ഥലത്ത് മേൽപ്പാലം അനിവാര്യമാണെന്ന് സ്ഥാപിക്കാനും, നിർമ്മാണത്തിന് ആർ. സി. സി പൈലുകൾ ആണ് ഏറ്റവും ഉചിതമായ ഫൗണ്ടേഷനെന്ന് കണ്ടെത്താനും ഈ ശാസ്ത്രീയ പഠനരീതി സഹായിച്ചു.

### 3.3 പഠനത്തിനുപയോഗിച്ച മാതൃക പരിശോധന രീതി

പദ്ധതി ഓരോ കുടുംബത്തെയും വ്യത്യസ്ത രീതിയിൽ ബാധിക്കുന്നതിനാൽ സർവ്വേ രീതിയിലുള്ള വിവരശേഖരണം ആണ് പഠനത്തിനായി സ്വീകരിച്ചത് ആയതിനാൽ പദ്ധതി പ്രദേശത്ത് ലഭ്യമായ പദ്ധതി ബാധിതമാകുന്ന മുഴുവൻ കുടുംബങ്ങളെയും വിവരശേഖരണത്തിൽ ഉൾപ്പെടുത്തി.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

പ്രാഥമിക വിവരങ്ങളെയും ദ്വതീയ വിവരങ്ങളെയും ആശ്രയിച്ചാണ് പഠനസംഘം വിവരശേഖരണം നടത്തിയത് പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിത ഭൂവുടമകൾ നിന്നും, റെവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഭൂരേഖകളും, അലൈൻമെന്റ് സ്കെച്ചും കിഫ്ബി, ആർ ബി ഡി സി കെ-

യിൽ നിന്നും ലഭിച്ച വിവരങ്ങളുമാണ് പ്രാഥമിക ഉറവിടം

### 3.5 തല്പരകക്ഷികളുമായുള്ള കൂടിക്കാഴ്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പദ്ധതി ബാധിതർക്കുവേണ്ടി പബ്ലിക് ഹിയറിങ് നവംബർ 3 2025ഇൽ കല്ലുംതാഴം ഗുരുമന്ദിരത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. പബ്ലിക് ഹിയറിങ്ങിനെ കുറിച്ച് കേരള കൗമുദി, ദേശാഭിമാനി എന്നീ മാധ്യമ പത്രങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

പട്ടിക 3.2 സാമൂഹ്യ പ്രത്യാഘാത പഠനസംഘം നടത്തിയ വിവിധ പ്രവർത്തങ്ങൾ


| തിയതി | പ്രവർത്തങ്ങൾ |
|---|---|
| 22/08/2025 | ഗസറ്റ് വിജ്ഞാപനം 4(1) |
| 27/08/2025 | പദ്ധതി പ്രദേശം പ്രാഥമിക സന്ദർശനം |
| 27/08/2025 | സാമൂഹ്യ-സാമ്പത്തിക വിവരശേഖരണം |
| 17/08/2025 | പബ്ലിക് ഹിയറിങ് നവംബർ 3 2025ഇൽ കല്ലുംതാഴം ഗുരുമന്ദിരത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. |

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനുമുള്ള അവകാശ ആക്ട് 2013, 5-ം വകുപ്പ് പ്രകാരം പദ്ധതി ബാധിത പ്രദേശത്ത് ഒരു പൊതു ഹിയറിംഗ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ വ്യവസ്ഥയ്ക്ക് അനുസൃതമായി ഭൂമി ഏറ്റെടുക്കൽ, പുനഃരധിവാസം, പുനഃസ്ഥാപന നിയമങ്ങൾ, ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടിയുള്ള കേരളം ചട്ടങ്ങൾ 2015, സെക്ഷൻ 14 പ്രകാരം വ്യക്തമാക്കിയ പൊതു ഹിയറിങ്ങിന്റെ വിശദമായ നടപടിക്രമങ്ങൾക്കനുസൃതമായി പദ്ധതി ബാധിതർക്കുവേണ്ടി പബ്ലിക് ഹിയറിങ് നവംബർ 3 2025ഇൽ കല്ലുംതാഴം ഗുരുമന്ദിരത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. പബ്ലിക് ഹിയറിങ്ങിനെ കുറിച്ച് കേരള കൗമുദി, ദേശാഭിമാനി എന്നീ മാധ്യമ പത്രങ്ങളിൽ പരാമർശിച്ചിട്ടുണ്ട്.

# അദ്ധ്യായം - 4
# സ്ഥലത്തിന്റെ മൂല്യനിർണയം

## 4.1 ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിന്റെ വിവരണം

**ചിത്രം 4.1 പദ്ധതി പ്രദേശത്തിന്റെ ഭൂപടം**




കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം പ്രദേശമാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത് .

## 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

കൊല്ലം താലൂക്കിൽപ്പെട്ട കിളികൊല്ലൂർ വില്ലേജിൽ ഉൾപ്പെടുന്ന കല്ലുംതാഴം പ്രദേശമാണ് പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്.

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതിബാധിതമാക്കുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങൾക്കും ഭൂമി നഷ്ടപ്പെടൽ, വാസയോഗ്യമായ വീട് നഷ്ടപ്പെടൽ,

ഫലവൃക്ഷങ്ങളിൽ നിന്നുള്ള വരുമാനം നഷ്ടപ്പെടൽ തുടങ്ങിയ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാതങ്ങൾ വിലയിരുത്തൽ പഠനത്തിൽ നിന്നും മനസ്സിലാക്കുന്നു. പ്രദേശത്തുനിന്ന് പഠന സംഘത്തിന് ലഭിച്ച വിവരങ്ങൾ പ്രകാരം കൊല്ലം ജില്ലയിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം പ്രദേശമാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. ടി ഭൂമി പുരയിടം പുറമ്പോക്ക് എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നു. നിലവിലെ കണക്കുകൾ പ്രകാരം 49 കുടുംബങ്ങളാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്. ഉടമസ്ഥാവകാശത്തിലുള്ള ഭൂമി നഷ്ടപ്പെടുന്നത് വഴി തങ്ങളുടെ ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്ന കുടുബങ്ങളും പദ്ധതി ബാധിതരാകുന്നു.

- ഭൂമി ഏറ്റെടുക്കുന്നതു കാരണം 13 കുടുംബാംഗങ്ങൾ അവരുടെ നിലവിലെ ഭവനങ്ങളിൽ നിന്ന് നിർബന്ധിതമായി മാറി താമസിക്കേണ്ടതായി വരുന്നു.
- പദ്ധതിയുടെ നിർവ്വഹണത്തിനായി 14 വീടുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കേണ്ടിവരും.
- 22 കടമുറികൾ സ്ഥാപനങ്ങൾ പദ്ധതിക്കായി നഷ്ടപ്പെടുകയോ പൊളിച്ചുമാറ്റുകയോ ചെയ്യേണ്ടിവരും.
- ലഭ്യമായ കണക്കുകൾ പ്രകാരം 24 പേരുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് പൂർണമായി തടസപ്പെടുന്നത്. ഇവയിൽ കച്ചവടസ്ഥാപനങ്ങൾ, വാടകവരുമാനം എന്നിവയിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരും ഉൾപ്പെടുന്നു.
- ഹിന്ദു, മുസ്ലിം, ക്രൈസ്തവ മത വിഭാഗത്തിൽ പെടുന്നവരാണ് പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നത്, ഇതിൽ 58 പുരുഷന്മാർ, 50 സ്ത്രീകൾ, 19 കുട്ടികൾ എന്നിവർ ഉൾപ്പെടുന്നു.
- പദ്ധതി പ്രദേശത്തു 3 കിടപ്പുരോഗികളും, 15 മാറാരോഗികളുമാണ് ഉള്ളത്.
- പദ്ധതി പ്രദേശത്തെ വിവിധ ഇനത്തിലുള്ള 61 വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടും.

### 4.3 പദ്ധതിക്കാവശ്യമായ മൊത്തം ഭൂമി

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ കിളികൊല്ലൂർ വില്ലേജിൽ

കല്ലുംതാഴം ജംഗ്ഷനാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശം. ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്.

### 4.4 പദ്ധതി ബാധിത പ്രദേശത്ത് മുന്നേ വില കൊടുത്തു വാങ്ങിയിരിക്കുന്നതോ പാട്ടത്തിന് എടുത്തിരിക്കുന്നതോ ആയ ഭൂമി ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരം ഉള്ള ഉപയോഗം

### 4.5 ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഗുണവും പ്രദേശവും

കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണമാണ് നിർദിഷ്ട പദ്ധതി. . ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്. ടി ഭൂമി പുരയിടം വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 4.6 ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും കൃഷിഭൂമി ഉണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെ കുറിച്ചുള്ള വിവരണം

ഏറ്റെടുക്കപ്പെടുന്ന ഭൂമി കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം പ്രദേശമാണ് നിർദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്നത്. 49 സർവ്വേ നമ്പറുകളിലായി വരുന്ന ഈ ഭൂമി പുരയിടം പുറമ്പോക്ക് എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്നു.

### 4.7 കൈവശ ഭൂമിയുടെ അളവ് ഉടമസ്ഥതയുടെ രീതി സ്ഥലത്തിന്റെ കിടപ്പ് അവിടെ താമസിക്കുന്നവരുടെ എണ്ണം

പദ്ധതി പ്രദേശത്ത് ലഭ്യമായ ഭൂവുടമകളിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം അവിടെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമി ഭൂരിഭാഗവും സ്വകാര്യ ഉടമസ്ഥതയിൽ ഉൾപ്പെടുന്നു എന്ന് മനസ്സിലാക്കുന്നു. ഇതിൽ കിളികൊല്ലൂർ വില്ലേജിൽ 40 സർവ്വേ നമ്പറുകളിൽ പുരയിടവും പുറമ്പോക്ക് വിഭാഗത്തിൽപ്പെടുന്ന ഭൂമിയാണ് ഉൾപ്പെടുന്നത്. ലഭിച്ച കണക്കുകൾ പ്രകാരം 49 കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നു. 15 ഓളം സംരംഭങ്ങൾ

പദ്ധതി പ്രദേശത്ത് ഉള്ളതായി മനസ്സിലാക്കുവാൻ സാധിച്ചു.

## 4.8 കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഭൂമികൈമാറ്റവും, വിലയും, ഉപയോഗവും

വിവര ദാതാക്കളിൽ നിന്നു ലഭിച്ച വിവരങ്ങൾ പ്രകാരം കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ പദ്ധതി പ്രദേശത്ത് ഭൂമിയുടെ ഉടമസ്ഥാവകാശ കൈമാറ്റം ഒന്നും നടന്നിട്ടില്ല.

# അധ്യായം - 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

## 5.1 പദ്ധതിയുടെ പ്രത്യാഘാത ബാധിത കുടുംബങ്ങൾ

### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപെടുന്ന സ്ഥലത്തിന്റെ ഉടമകൾ)

കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് വേണ്ടി കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം പ്രദേശത്തു നിന്നും ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ പ്രത്യക്ഷ ആഘാത ബാധിതരാകുന്നത് 49 പുരയിടം വിഭാഗത്തിൽപ്പെടുന്ന സ്ഥലങ്ങളാണ്, ഇതിൽ ശ്രീ നാരായണ ഗുരു ധർമ്മ പരിപാലന യോഗത്തിന്റെ ഗുരുമന്ദിരവും ഉൾപ്പെടുന്നു. പദ്ധതി ബാധിതരാക്കുന്നവരുടെ വിശദാംശങ്ങൾ പട്ടിക 5.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിതർ**

| സർവ്വേ നമ്പർ | വില്ലേജ് | ആകെ വിസ്തീർണം |
|---|---|---|
| 536/6-2,1, 537/4, 536/20, 536/23, 536/7, 536/8, 537/18, 241/2, 807/24, 466/17, 467/92, 467/10-3,2, 466, 471/8, 3388/A, 569/33, 569/34, 569/35, 584/11, 467/9, 466/12, 466/12, 466/1-1, 24/944, 24/944,471/2/1, 471/7, 466/16,466/21, 466/32, 466/12, 569/11-2, 569/2-3, 537/3,537/21, 569/4, 569/3,569/2 | കിളികൊല്ലൂർ | 1.0076 ഹെക്ടർ |

### 5.1.2 പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരാക്കുന്ന കുടുംബങ്ങളുടെ സാമൂഹ്യ പശ്ചാത്തലം:

ആഘാതബാധിതരാക്കുന്ന കുടുംബങ്ങൾ ജനറൽ, ഒബിസി, എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്നു.

**5.2 വനവകാശം നഷ്ടപ്പെടുന്ന പട്ടികവർഗ്ഗ ആദിവാസി കുടുംബങ്ങൾ**

പദ്ധതി പ്രദേശത്ത് പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തിയിട്ടില്ല.

**5.3. പൊതുവിഭാഗം വിഭവങ്ങൾ ആഘാതബാധിതമാക്കുന്നതുമൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.4 കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇല്ല

**5.5 മൂന്നുവർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ലഭ്യമായിരിക്കുന്ന കണക്കുകൾ പ്രകാരം ഏകദേശം 21 കുടുംബങ്ങളാണ് മൂന്നു വർഷത്തിലേറെയായി പദ്ധതിക്കായി ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് താമസിക്കുന്നത്.

**5.6 മൂന്ന് വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി കച്ചവട സ്ഥാപനം നടത്തുന്നവരും കച്ചവട സ്ഥാപനം വാടകയ്ക്ക് എടുത്തവരും കച്ചവടക്കാരും ഇതിൽ ഉൾപ്പെടുന്നു. 22 കടമുറികളും 15 കച്ചവട സ്ഥാപനങ്ങളും പദ്ധതി ബാധിതമാകുന്നുണ്ട്.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമി അല്ലെങ്കിലും പരോക്ഷമായി ആഘാത ബാധിതരാകുന്നവർ)**

പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരിൽ പ്രധാനമായും ഉൾപ്പെടുന്നത് പദ്ധതി പ്രദേശത്തിനു പുറത്തു താമസിക്കുന്ന, പാത ഉപയോഗിക്കുന്ന വ്യക്തികളാണ്.

### 5.6.2 ഫലദായിക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവര പട്ടിക

പദ്ധതിക്കായി ഭൂമി ഏറ്റെടുക്കപ്പെടുമ്പോൾ വിവിധ ഇനത്തിലുള്ള മരങ്ങളും ഫലദായക വൃക്ഷങ്ങളും നഷ്ടപ്പെടുന്നു. അവരുടെ വിവരങ്ങൾ താഴെ നൽകുന്നു.

**പട്ടിക 5.6.2 മരങ്ങൾ/ ഫലദായക വൃക്ഷങ്ങളുടെ വിവരപട്ടിക**

| **മരങ്ങൾ/ ഫലദായക വൃക്ഷങ്ങൾ** | **എണ്ണം** |
|---|---|
| മാവ് | 13 |
| തെങ്ങ് | 08 |
| പ്ലാവ് | 04 |
| റമ്പൂട്ടാൻ | 01 |
| വാഴ | 31 |
| തേക്ക് | 01 |
| ചന്ദനം | 01 |
| ഈട്ടി | 01 |
| നെല്ലി | 01 |

**പട്ടിക 5.6.3 കെട്ടിടങ്ങളുടെ വിവരപ്പട്ടിക**

| കെട്ടിടങ്ങൾ | എണ്ണം |
|---|---|
| വീട് | 14 |
| കടമുറികൾ | 22 |
| കച്ചവടസ്ഥാപനം | 15 |
| സാമൂഹ്യ സംഘടന സ്ഥാപനം | 01 |

# അദ്ധ്യായം 6

# സാമൂഹ്യ - സാമ്പത്തിക - സാംസ്കാരിക പാശ്ചാത്തലം

# (പദ്ധതി പ്രദേശവും പുനസ്ഥാപന പ്രദേശവും)

## 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതി ബാധിതമാകുന്ന 40സർവ്വേ നമ്പറുകളിൽ നിന്നായി 49 കുടുംബങ്ങളെയാണ് എസ്.ഐ.എ സംഘം കണ്ടെത്തിയത്. ഇതിൽ 58 പുരുഷന്മാരും 64 സ്ത്രീകളും 17 കുട്ടികളും അടങ്ങുന്നതാണ് പദ്ധതിബാധിതമാകുന്ന ജനസംഖ്യ. പദ്ധതി ബാധിതമാകുന്ന കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ താഴെ വിശകലനം ചെയ്യുന്നു.

**പട്ടിക 6.1 പദ്ധതി ബാധിത ജനങ്ങളുടെ പ്രായം തിരിച്ചുള്ള വിതരണം**

| പ്രായം | എണ്ണം |
|---|---|
| 0-9 | 14 |
| 10-19 | 07 |
| 20-35 | 36 |
| 36-45 | 28 |
| 46-60 | 27 |
| 60 വയസ്സിനു മുകളിൽ | 27 |
| **ആകെ** | **139** |

## 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

പൊതു വിതരണ സംവിധാനമനുസരിച്ചുള്ള തരം തിരിവിന്റെ അടിസ്ഥാനത്തിൽ ആഘാത ബാധിത കുടുംബങ്ങൾക്ക് ലഭ്യമായിരിക്കുന്ന റേഷൻ കാർഡിന്റെ നിറം ഏതാണെന്ന് വിവരിക്കുന്നു. 7 കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലുള്ള റേഷൻ കാർഡും, 9 കുടുംബങ്ങൾക്ക് വെള്ള

നിറത്തിലുള്ള റേഷൻ കാർഡും, 14 കുടുംബങ്ങൾക്ക് നീല നിറത്തിലുള്ള റേഷൻ കാർഡുമാണ് ലഭ്യമായിരിക്കുന്നത്.

### 6.3 ദുർബ്ബല ജനവിഭാഗം

18 വയസ്സിന് താഴെയുള്ള കുട്ടികളും 60 വയസ്സിന് മുകളിലുള്ള വൃദ്ധരും 18-60 വയസിനിടയിലുള്ള സ്ത്രീകളും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു. ലഭ്യമായ വിവരം അനുസരിച്ചു 18 വയസ്സിന് താഴെയുള്ള 19 കുട്ടികളും, 18-60 വയസിനിടയിലുള്ള 50 സ്ത്രീകളും, 60 വയസ്സിന് മുകളിലുള്ള 27 പേരും ദുർബ്ബല ജനവിഭാഗത്തിൽ ഉൾപ്പെടുന്നു.

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതി ബാധിത പ്രദേശത്ത് വീടും പുരയിടവുമായി ഉപയോഗിക്കുന്ന എകദേശം 49 കുടുംബങ്ങളുണ്ട്. ടി ഭൂമിയിൽ വിവിധ ഇനത്തിലുള്ള 61 വൃക്ഷങ്ങൾ നിലവിൽ പദ്ധതി പ്രദേശത്തുണ്ട്. 22 കടമുറികളും, 15 കച്ചവടസ്ഥാപനങ്ങളും പദ്ധതി പ്രദേശത്തുൾപ്പെടുന്നു. കൂടാതെ സാമൂഹ്യാധിഷ്ഠിതമായ സംഘടനയുടെ ഒരു സ്ഥാപനം കൂടി പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നു.

### 6.5 പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കച്ചവട സ്ഥാപനം നടത്തുന്ന 15 പേരുടെ ജീവനോപാധിയെ ബാധിക്കും.

### 6.6 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹ്യ സാംസ്കാരിക സംഘടനകളും

ലഭ്യമായ വിവരമനുസരിച്ചു പദ്ധതി ബാധിത പ്രദേശത്ത് ഹിന്ദു, മുസ്ലീം, ക്രൈസ്തവ മത വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ്. ഇതിൽ 22 കൂട്ടുകുടുംബങ്ങളും, 8 അണുകുടുംബങ്ങളും, ഏകസ്ഥയായി താമസിക്കുന്ന ഒരു മുതിർന്ന സ്ത്രീയും ഉൾപ്പെടുന്നു.

### 6.7 ഭരണ സംഘടനകൾ

നിർദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ഭരണ സംഘടനകൾ ഒന്നും തന്നെ പദ്ധതി ബാധിതമാകുന്നില്ല.

### 6.8 രാഷ്ട്രീയ സംഘടനകൾ

നിർദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം രാഷ്ട്രീയ സംഘടനകൾ ഒന്നും തന്നെ പദ്ധതി ബാധിതമാകുന്നില്ല.

### 6.9 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

ശ്രീ നാരായണ ഗുരു ധർമ്മ പരിപാലന യോഗത്തിന്റെ ഗുരുമന്ദിരം പദ്ധതി പ്രദേശത്തുണ്ട്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ നടപടികളും നിർബന്ധമാണ്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും പദ്ധതിയുടെ സാമൂഹ്യ നേട്ടങ്ങൾ വർദ്ധിപ്പിക്കുക, സാമൂഹ്യ പ്രത്യാഘാത വിപരീത ഫലങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ മുൻപോട്ട് വയ്ക്കുക എന്നിവയാണ് എസ് ഐ എ യുടെ ലക്ഷ്യങ്ങൾ. കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണമാണ് നിർദിഷ്ട പദ്ധതി നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ടും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിന്റെയും ഭാഗമായി പഠന സംഘം പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്നും ഭൂവുടമകളിൽ നിന്നും പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളിൽ നിന്നും വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു.

## 7.2 ആഘാതം ഒഴിവാക്കാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുള്ള സാമൂഹ്യ പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ

പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.

- ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാതബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത് വേഗത്തിൽ നൽകുകയും ചെയ്യുക
- പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

## 7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം പുനരധിവാസത്തിനും പുനസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 23.09.2015 തീയതിയിൽ പുറപ്പെടുവിച്ച G.O. (MS) No. 485/2015/RD പ്രകാരവും 29.12.2017 തീയതിയിൽ പുറപ്പെടുവിച്ച G.O. (MS) No. 448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

## 7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

## 7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകല്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ

സാമൂഹ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കണ്ടെത്തലുകൾ പ്രകാരം പദ്ധതിയെ നാട്ടുകാർ അനുകൂലിക്കുന്നു.

## 7.6 ഓരോ നടപടികളും അതിനു വേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 29.12.2017 ന് പുറപ്പെടുവിച്ച വിജ്ഞാപനം G.O (Ms) No.448/2017/RD പ്രകാരം കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജിനുള്ള പോളിസി പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും, നിർദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിക്കുകയും ചെയ്യുക.

### പട്ടിക 7.1 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

| ക്രമ നമ്പർ | പ്രത്യാഘാതങ്ങൾ | പ്രത്യാഘാത ലഘൂകരണം | സമയക്രമം |
|---|---|---|---|
| 1 | ഭൂമി നഷ്ടപ്പെടൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും കേരള സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുള്ള RFCTLARR, ആക്ട്, 2013 പ്രകാരമുള്ള സമയക്രമം. |
| 2 | കെട്ടിടങ്ങൾ ഉൾപ്പെടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും കേരള സർക്കാരിന്റെ പോളിസികൾ | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും |

| | | | |
|---|---|---|---|
| | | പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുള്ള RFCTLARR, ആക്ട്, 2013 പ്രകാരമുള്ള സമയക്രമം. |
| 3 | പ്രവേശന മാർഗ്ഗം തടസ്സമാകൽ | പദ്ധതി മൂലം വസ്തുവകളിലേക്കുള്ള പ്രവേശനം മാർഗം തടസ്സപ്പെടുന്ന കുടുംബങ്ങൾക്ക് അവരുടെ ഭൂമിയിലേക്ക് റോഡിൽ നിന്നും നേരിട്ടുള്ള പ്രവേശനം സാധ്യമാക്കുന്നതിന് ബദൽ സംവിധാനം ചെയ്യുക. | നിർമ്മാണ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 4 | ഗതാഗതം തടസപ്പെടലും നിർമാണ്ണ വേളയിലുള്ള മാലിന്യ രൂപീകരണ പ്രശ്നങ്ങളും | പദ്ധതി നിർവ്വഹണ ഏജൻസി നടപടികൾ നടപ്പിലാക്കുക. | നിർമ്മാണത്തിന്റ പ്രാരംഭ ഘട്ടത്തിൽ തന്നെ നടപടികൾ കൈക്കൊള്ളുക. |
| 5 | വൃക്ഷങ്ങൾ വെട്ടിമാറ്റുന്നതു മൂലം വരുമാനം നഷ്ടമാകൽ | ഫലതായക വൃക്ഷങ്ങൾക്ക് RFCTLARR നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക. വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട്, 2013 പ്രകാരമുള്ള സമയക്രമം. |
| 6. | ഉപജീവന മാർഗ്ഗം നഷ്ടമാകുന്നവർ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും കേരള സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള RFCTLARR, ആക്ട്, 2013 പ്രകാരമുള്ള സമയക്രമം. |

| | | | |
|---|---|---|---|
| 7 | പദ്ധതി ബാധിതരിൽ ദുർബല ജനവിഭാഗത്തിൽ പെടുന്ന സ്ത്രീകൾ, 60 വയസിനു മുകളിലുള്ളവർ, ഒറ്റക്ക് താമസിക്കുന്ന മുതിർന്ന സ്ത്രീ, ഭിന്നശേഷിക്കാർ എന്നിവർ ഉൾപ്പെടുന്നു. | RFCTLARR പ്രകാരം സ്ത്രീകൾ, മുതിർന്നവർ, ഭിന്നശേഷിക്കാർ, ഒറ്റയ്ക്ക് താമസിക്കുന്നവർ എന്നിവരുടെ നഷ്ടപരിഹാരത്തിന്നും സുതാര്യതക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള നടപടികൾ കൈക്കൊള്ളുക | RFCTLARR പ്രകാരം ഉള്ള സമയക്രമം |
| 8 | ഏറ്റെടുക്കലിന് ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിനു അപര്യാപ്തമാകൽ | നിജസ്ഥിതി പരിശോധിച്ചു പൂർണമായ ഏറ്റെടുക്കലിന് പരിഗണിക്കുകയോ ടി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പരിമിത പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത പരിശോധിച്ച് സാധ്യമായ നടപടികൾ കൈകൊള്ളുകയോ ചെയ്യുക. | RFCTLARR പ്രകാരം ഉള്ള സമയക്രമം |
| 9 | ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാല താമസം നേരിടുന്നത് മൂലം ഉണ്ടാകുന്ന നഷ്ടങ്ങൾ | കാല താമസം കൂടാതെ നടപടികൾ സ്വീകരിക്കുക | RFCTLARR പ്രകാരം ഉള്ള സമയക്രമം |

## 7.7 സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്നു ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്നു ഉറപ്പ് നൽകാത്ത നടപടികളും

ബാധകമല്ല.

# അദ്ധ്യായം 8
# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി സ്ഥാപന സംവിധാനം

## 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013, കേരളത്തിലെ RFCTLARR ചട്ടങ്ങൾ 2015, ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ എന്നിവ സ്ഥാപന ഘടനകളേയും ലഘൂകരണ നടപടികൾ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വമുള്ള പ്രധാന വ്യക്തിയേയും വിഭാവനം ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കപ്പെടുന്ന ദുരിതബാധിതരായ കുടുംബങ്ങൾക്ക് പുനരധിവാസ-പുനഃസ്ഥാപന പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ ആണ് RFCTLARR ആക്ട്, 2013 നിർവ്വഹിക്കുന്നു. പുനരധിവാസ- പുനഃസ്ഥാപന പദ്ധതിയുടെ രൂപീകരണം, നിർവ്വഹണം, നിരീക്ഷണം എന്നിവ ഉചിതമായ സർക്കാരിന്റെയും പുനരധിവാസ കമ്മീഷണറുടെയും മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണത്തിനും വിധേയമായി അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമായിരിക്കും. കൊല്ലം ജില്ലയിലെ കല്ലുംതാഴം റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിനായി നിയോഗിക്കപ്പെട്ട അഡ്മിനിസ്ട്രേറ്റർ കൊല്ലം ജില്ലയുടെ കളക്ടർ ആണ്.

പുനരധിവാസ പുനസ്ഥാപനം പദ്ധതികളുടെ മേൽനോട്ടത്തിനും വിലയിരുത്തലിനുമായി പദ്ധതി തലത്തിൽ ഒരു പുനരധിവാസ, പുനഃസ്ഥാപന കമ്മിറ്റിയുടെ രൂപീകരണത്തിന് RFCTLARR ആക്ട് , 2013 ന്റെ വകുപ്പും, കേരളത്തിലെ RFCTLARR ചട്ടങ്ങൾ, 2015 ലെ ചട്ടം 23 ഉം ശുപാർശ ചെയ്യുന്നു. 29.09.2015-ന് പുറപ്പെടുവിച്ച ജി.ഒ. (എം.എസ്) നമ്പർ. 485/2015 ആർ ഡി പ്രകാരമുള്ള കേരള സംസ്ഥാന നയം അനുസരിച്ച് ഭൂമി ഏറ്റെടുക്കലിന്റെ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും വേണ്ടി ജില്ലാതലത്തിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ കമ്മിറ്റിക്കാണ് പുനരധിവാസ- പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ നിരീക്ഷണ ഉത്തരവാദിത്തം:

- ജില്ലാ കളക്ടർ
- പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അധികാരി
- ഭൂമി ഏറ്റെടുക്കൽ അധികാരി
- ധനകാര്യ ഓഫീസർ
- ധനകാര്യ തീരുമാനങ്ങളെടുക്കുന്നതിനുള്ള അർത്ഥനാധികാരിയുടെ പ്രതിനിധി
- പ്രാദേശിക സ്വയംഭരണ സർക്കാർ സ്ഥാപനങ്ങളിലെ പ്രതിനിധികൾ

**8.2 ഗവൺമെന്റേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.3 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

ഓരോ പ്രവർത്തനവും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം അനുസരിച്ചായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

പദ്ധതി പ്രദേശത്തെ പുനഃരധിവാസത്തിനും പുനസ്ഥാപനത്തിനുമായി 30.93 കോടി രൂപയാണ് നിലവിൽ അംഗീകരിച്ചിട്ടുള്ളത്.

ലാൻഡ് അക്വിസിഷനായി നിലവിൽ കിഫ്ബി അംഗീകരിച്ചട്ടുള്ള തുക 7.48 കോടി രൂപയാണ്.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

നിർദിഷ്ട്ട ഭൂമി ഏറ്റെടുക്കലിന് വേണ്ടി ചുമതല പെടുത്തിയിരിക്കുന്നത് അഡ്മിനിസ്ട്രേറ്റർ ആണ് വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും തയ്യാറാക്കേണ്ടത്.

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

കേരളം സർക്കാരിന്റെ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്

# അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാതം ദൂരീകരണ പദ്ധതി- മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും- പ്രധാന സൂചികകൾ

നിലവിലെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രധാന സൂചികകൾ താഴെ പറയുന്നു:

- പുനരധിവാസ പുനസ്ഥാപന സ്കീം തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനും എടുക്കുന്ന സമയം.
- പദ്ധതി ആഘാത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം തുക സമയാധിഷ്ഠിതമായി നൽകൽ.
- സാമൂഹ്യ പ്രത്യാഘാത നിയന്ത്രണത്തിൽ പ്രതിപാദിച്ചിരിക്കുന്ന ദുരീകരണ നടപടികൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ.

## 10.2. റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശം ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും നടപ്പിലാക്കുന്നത്.

## 10.3. സ്വതന്ത്ര മൂല്യനിർണയം-രൂപരേഖ

സ്വതന്ത്രമായ ഒരു വിലയിരുത്തലും വിഭാവനം ചെയ്യുന്നില്ല. RFCTLARR ആക്ട്, 2013 പ്രകാരം നിയമിക്കുന്ന ഉദ്യോഗസ്ഥൻ പ്രക്രിയ വിലയിരുത്തും.

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും-അപഗ്രഥനം, ശുപാർശകൾ

## 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും നഷ്ടം നികത്തുവാനുതകുന്ന സാമുഹ്യ പ്രത്യാഘാത ദൂരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം

റോഡുകൾ, പാലങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനം രാജ്യത്തിന്റെ വികസനത്തിന് അത്യാന്തോപേക്ഷിതമാണ്. കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം മേൽപ്പാല നിർമ്മാണത്തിനാണ് ഭൂമി ഏറ്റെടുക്കുന്നത്. കൊല്ലം ജില്ലയിലെ കല്ലുംതാഴം റെയിൽവേ ഗേറ്റ് (എൽ സി നമ്പർ. 77) ഒഴിവാക്കാനായി നിർമ്മിക്കുന്ന ഈ മേൽപ്പാലം, 3,10,170 ടി വി യു ഉള്ള തിരക്കേറിയ ജംഗ്ഷനിലെ ഗതാഗതക്കുരുക്കും അപകടസാധ്യതയും ഒഴിവാക്കാനുള്ള പൊതു ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി 387.60 മീറ്റർ നീളമുള്ള ROB-യുടെ അലൈൻമെന്റ്, 130 സെന്റ് ഭൂമി മാത്രം ഏറ്റെടുക്കേണ്ട വിധത്തിൽ നിശ്ചയിച്ചതിനാൽ, ഏറ്റവും കുറഞ്ഞ സ്ഥാനഭ്രംശം ഉറപ്പാക്കുന്നു. എന്നിരുന്നാലും, ഏറ്റെടുക്കുന്ന ഈ സ്ഥലത്ത് 31 കെട്ടിടങ്ങൾ (പാർപ്പിടപരവും വാണിജ്യപരവുമായവ ഉൾപ്പെടെ) സ്ഥിതി ചെയ്യുന്നതിനാൽ, ഇതിന് പ്രധാന സാമൂഹ്യ പ്രത്യാഘാതത്തിന്റെ തീവ്രതയുണ്ട്. ഈ നഷ്ടം നികത്തുവാനായി, പദ്ധതി ബാധിതർക്ക് മതിയായ നഷ്ടപരിഹാരവും ഉപജീവന പുനഃസ്ഥാപന സഹായവും നൽകേണ്ടതും, നിർമ്മാണ സമയത്ത് ഗതാഗതം വഴിതിരിച്ചുവിടുന്നതടക്കമുള്ള സുരക്ഷാ ലഘൂകരണ ആസൂത്രണം നടപ്പാക്കേണ്ടതും അനിവാര്യമാണ്. ഈ പദ്ധതിയിലൂടെ ഗതാഗതക്കുരുക്ക് പൂർണ്ണമായി ഇല്ലാതാക്കി സമയം, ഇന്ധനം, യാത്രാദുരിതം എന്നിവ ലാഭിക്കുന്നു എന്നതാണ്. കൂടാതെ, സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പ്രധാന സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനക്ഷമത വർദ്ധിക്കുകയും, റെയിൽവേ ഗേറ്റിന് സമീപമുള്ള അപകടങ്ങൾ പൂർണ്ണമായി ഇല്ലാതാക്കി പൊതു സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം, 2013 വകുപ്പ് 2(1)b(i) പ്രകാരം പൊതു ആവശ്യം എന്ന് പറയുന്നത്, ഇന്ത്യ ഗവൺമെന്റിന്റെ സാമ്പത്തിക വിഭാഗം 27.03.2012 ന് പുറപ്പെടുവിച്ച വിജ്ഞാപനം നമ്പർ 13/06/2009- INF പ്രകാരമുള്ള പ്രവർത്തനങ്ങളാണ്. കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം മേൽപ്പാല നിർമ്മാണ പദ്ധതി അടിസ്ഥാന പദ്ധതികളുടെ പൊതു ആവശ്യത്തിന്റെ പരിധിയിൽ വരുന്നതാണ്.

**നിർദിഷ്ട പദ്ധതിക്കായി ഭൂമി ഏറ്റെടുക്കന്നത് മൂലം ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ:**

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിലെ കിളികൊല്ലൂർ വില്ലേജിൽ കല്ലുംതാഴം ജംഗ്ഷനാണ് ഈ പദ്ധതിക്കായി ഏറ്റെടുക്കുന്ന പ്രദേശം. ഈ പദ്ധതിയുടെ നിർമ്മാണത്തിനായി ഏകദേശം 1.0076 ഹെക്ടർ ഭൂമിയാണ് ഏറ്റേടുക്കേണ്ടി വരുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രധാന ആഘാതങ്ങൾ താഴെ പറയുന്നവയാണ്:

- ഭൂമി ഏറ്റെടുക്കുന്നതു കാരണം 13 കുടുംബാംഗങ്ങൾ അവരുടെ നിലവിലെ ഭവനങ്ങളിൽ നിന്ന് നിർബന്ധിതമായി മാറി താമസിക്കേണ്ടതായി വരുന്നു.
- പദ്ധതിയുടെ നിർവ്വഹണത്തിനായി 14 വീടുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കേണ്ടിവരും.
- 22 കടമുറികൾ സ്ഥാപനങ്ങൾ പദ്ധതിക്കായി നഷ്ടപ്പെടുകയോ പൊളിച്ചുമാറ്റുകയോ ചെയ്യേണ്ടിവരും.
- ലഭ്യമായ കണക്കുകൾ പ്രകാരം 24 പേരുടെ മുഖ്യ ഉപജീവന മാർഗ്ഗമാണ് പൂർണമായി തടസപ്പെടുന്നത്. ഇവയിൽ കച്ചവടസ്ഥാപനങ്ങൾ, വാടകവരുമാനം എന്നിവയിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നവരും ഉൾപ്പെടുന്നു.
- ഹിന്ദു, മുസ്ലിം, ക്രൈസ്തവ മത വിഭാഗത്തിൽ പെടുന്നവരാണ് പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നത്, ഇതിൽ 58 പുരുഷന്മാർ, 50 സ്ത്രീകൾ, 19 കുട്ടികൾ എന്നിവർ ഉൾപ്പെടുന്നു.

- പദ്ധതി പ്രദേശത്തു 3 കിടപ്പുരോഗികളും, 15 മാറാരോഗികളുമാണ് ഉള്ളത്.
- പദ്ധതി പ്രദേശത്തെ വിവിധ ഇനത്തിലുള്ള 61 വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടും.

**താഴെ വിവരിക്കുന്ന ശുപാർശകൾ പദ്ധതിയുടെ ആഘാതം ദൂരീകരിക്കുന്നതിന് പഠന സംഘം നിർദ്ദേശിക്കുന്നു.**

- ➢ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013, ഇതിനോടനുബന്ധിച്ച് കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ട് പുനരധിവാസ പുനഃസ്ഥാപന പ്രവർത്തനങ്ങളും നഷ്ടപരിഹാരം നൽകൽ നടപടികളും കൈക്കൊള്ളുക.
- ➢ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കാലതാമസം കൂടാതെ പൂർത്തീകരിക്കുകയും ആഘാതബാധിതർക്കുള്ള നഷ്ടപരിഹാരം കഴിയുന്നത് വേഗത്തിൽ നൽകുകയും ചെയ്യുക
- ➢ പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിലും പദ്ധതി നിലവിൽ വരുമ്പോഴും ഭൂവുടമകൾക്ക് അവരുടെ ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗം നഷ്ടപ്പെടാത്ത രീതിയിൽ ബദൽ സംവിധാനം ചെയ്യുക.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നത്തിനുള്ള അന്തിമ ശുപാർശ.**

മുകളിൽ പറഞ്ഞിരിക്കുന്ന കണ്ടെത്തലുകളുടെ വെളിച്ചത്തിൽ പദ്ധതിയുടെ ഗുണങ്ങളും, ദോഷങ്ങളും തുലനം ചെയ്തതിനു ശേഷം റിപ്പോർട്ടിൽ അദ്ധ്യായം ഏഴിൽ പറഞ്ഞിരിക്കുന്ന പ്രത്യാഘാത ദൂരികരണ നടപടികളും നിർദ്ദേശങ്ങളും യഥാവിധം നടപ്പിലാക്കിയാൽ കല്ലുംതാഴം റെയിൽവേ മേൽപാലം നിർമ്മാണത്തിനായുള്ള പദ്ധതി വിപാവനം ചെയ്യാമെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് ശുപാർശ്ശ ചെയ്യുന്നു.